# പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.427 06.03.2012-ൽ മറുപടിക്ക്

### <u>ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഹൈബി ഈഡൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) താഴെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>1. കൃത്യമായ മുന്നൊരുക്ക പ്രവർത്തനം നടത്തുക.<br>2. ഒരേ സമയം ഒന്നിലധികം ഗ്രാമ സഭകൾ കൂടാതിരിക്കുക.<br>3. അജണ്ട മുൻകൂട്ടി നിശ്ചയിക്കുക. ഇതു സംബന്ധിച്ചുള്ള അജണ്ട ലിസ്റ്റ് നോട്ടീസിൽ ഉൾപ്പെടുത്തുക.<br>4. വരവ് - ചെലവ് കണക്കുകൾ, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, മുൻഗണനാലിസ്റ്റ് തുടങ്ങിയ രേഖകൾ മുൻകൂട്ടി അച്ചടിച്ച് യോഗത്തിൽ വിതരണം ചെയ്യുന്നതാണ്.<br>5. ഗ്രാമസഭാ യോഗങ്ങളിൽ പ്രസിഡന്റ്, സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പങ്കാളിത്തം നിർബന്ധമായും ഉറപ്പാക്കുന്നതാണ്.<br>6. ഗ്രാമസഭകൾക്ക് സംഘാടക സമിതി രൂപീകരിച്ച് കാമ്പയിൻ മാതൃകയിൽ ഗ്രാമസഭ സംഘടിപ്പിക്കുന്നതാണ്.<br>7. അയൽക്കൂട്ട പ്രവർത്തകർ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, മറ്റു സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘാടന ചുമതല ഏൽപ്പിക്കുക. അംഗൻവാടി ജീവനക്കാർ, എസ്.സി/എസ്.ടി. പ്രൊമോട്ടർമാർ എന്നിവർക്കും സംഘാടന ചുമതല നൽകുക. |

contd....2

8. ഗ്രാമസഭാ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പു വരുത്തുക.
9. ഒരു സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ച്യു് വിധേയമാക്കുക.
10. സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക.
11. ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകുവാൻ വർക്കിംഗ് ഗ്രൂപ്പ് ചെയർമാന്റേയും കൺവീനറേയും സഹായിക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയോഗിക്കുകയും അവർക്ക് ചുമതലകൾ നിശ്ചയിച്ച് നൽകുകയും ചെയ്യുക.
12. ഗ്രാമസഭാതീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് കോ-ഓർഡിനേറ്ററായി ഒരു ഉദ്യോഗസ്ഥനെ മുൻകൂട്ടി നിശ്ചയിക്കുക.

ഇതോടൊപ്പം തന്നെ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനായി കിലയുടെ ആഭിമുഖ്യത്തിൽ കർമ്മ പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്.

| | | |
|---|---|---|
| (ബി) നിയമപരമായി ചേരേണ്ട ഗ്രാമസഭകളുടെ എണ്ണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പ്രത്യേക വിഷയങ്ങൾക്കായി വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിനുള്ള നടപടി ക്രമങ്ങളെക്കുറിച്ച് ആലോചിക്കുമോ ? | (സി) | |

സെക്ഷൻ ആഫീസർ.